DESPATCHED
On..24/02/2020

28/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 227(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.2736/SIC-Gen5/2018**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. മഹേഷ് വിജയൻ,
ആറ്റുവായിൽ ഹൗസ്,
എസ്.എച്ച്. മൗണ്ട് പി.ഒ.,
കോട്ടയം – 686 006.
} പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ലേബർ ഓഫീസർ,
ജില്ലാ ലേബർ ഓഫീഫ്, കോട്ടയം.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് ലേബർ ഓഫീസർ,
കോട്ടയം 2–ാം സർക്കിൾ അസിസ്റ്റന്റ് ലേബർ
ഓഫീസറുടെ കാര്യാലയം,
ടെമ്പിൾ റോഡ്, ഏറ്റുമാനൂർ,
കോട്ടയം – 686 631.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 12.1.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.1.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 16.3.2018 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 19.3.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗ് സാന്നിദ്ധ്യം | രണ്ടാം എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. മഹേഷ് വിജയൻ, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നത് കോട്ടയം ജില്ലാ ലേബർ ഓഫീസിൽ ആയിരുന്നു എന്നും അവിടെ

നിന്നും ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം കോട്ടയം 2–ാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസിലേയ്ക്ക് കൈമാറിയിരുന്നു എന്നും ആയത് മേൽപ്പടി ഓഫീസിൽ 28.1.2018 തീയതി ലഭിച്ചിരുന്നു എന്നു അറിഞ്ഞിരുന്നു എന്നും ആയതിന്റെ മറുപടി ഓർഡിനറി പോസ്റ്റിൽ അയച്ചിരുന്നു എന്ന് അറിയിച്ചുവെങ്കിലും ആയത് ടിയാന് നാളിതുവരെ ലഭിച്ചില്ലെന്നും മേൽപ്പടി മറുപടി ഇ–മെയിൽകൂടി അയച്ചു നൽകാൻ ആവശ്യപ്പെട്ടുവെങ്കിലും പി.ഐ.ഒ അതിന് തയ്യാറായില്ലെന്നും രേഖകളുടെ പകർപ്പിനായി ഒടുക്കേണ്ട തുക സംബന്ധിച്ച് പി.ഐ.ഒ യോടും ബന്ധപ്പെട്ട ക്ലാർക്കിനോടും ഫോണിൽ അന്വേഷിച്ചപ്പോൾ നേരിൽ വന്ന് പരിശോധിക്കാൻ ആവശ്യപ്പെട്ടാണ് മറുപടി അയച്ചിരിക്കുന്നത് എന്നാണ് അറിയിച്ചത് എന്നും രേഖകൾ നേരിൽ വന്ന് പരിശോധിക്കാൻ സാധിക്കുകയില്ലെന്നും രേഖകളുടെ പകർപ്പിനാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നും അതിനാൽ ഫീസ് എത്രയാണെന്നു അറിയിക്കാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പി.ഐ. ഒ അതിന് തയ്യാറായില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

(i) കോട്ടയം ടൗൺ നാഗമ്പടം ബസ് സ്റ്റാന്റിന് സമീപം പ്രവർത്തിക്കുന്ന എസ്.എച്ച്. മെഡിക്കൽ സെന്റർ ആശുപത്രിയിൽ നടക്കുന്ന/നടന്നതായി ശ്രദ്ധയിൽപ്പെട്ട തൊഴിൽപരമായ എല്ലാവിധ നിയമ ലംഘനങ്ങളും വ്യക്തമാക്കുന്ന രേഖകൾ, ഫയൽ കുറിപ്പുകൾ സഹിതം നൽകണമെന്നും മേൽപ്പടി നിയമ ലംഘനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്ന രേഖകൾ നൽകണമെന്നും

(ii) മേൽപ്പടി ആശുപത്രിയിൽ ലേബർ വകുപ്പ് നടത്തിയിരിക്കുന്ന എല്ലാവിധ പരിശോധനകളുടെയും കണ്ടെത്തലുകളുടെയും വിശദാംശങ്ങൾ അടങ്ങിയ രേഖകൾ/റിപ്പോർട്ടുകൾ എന്നിവയുടെ പകർപ്പുകൾ നൽകണമെന്നും മേൽപ്പടി പരിശോധനയെ തുടർന്ന് തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്ന രേഖകൾ നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 3 വരെയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാൻ ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് കോട്ടയം 2–ാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്നാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ 29.01.2018 തീയതി ടി ഓഫീസിൽ ലഭിച്ചിരുന്നു എന്നും 1, 2 എന്നീ ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച രേഖകൾ ടി ഓഫീസിൽ നേരിൽ ഹാജരായി പരിശോധിക്കാമെന്നാണ് അറിയിച്ചത് എന്നും 3, 4 എന്നീ ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകിയിരുന്നു എന്നും ടിയാന് മറുപടി ലഭിച്ചില്ല എന്നു പ്രസ്താവിച്ച് ടിയാൻ ഒന്നാം അപ്പീൽ അധികാരിയായിരുന്ന ജില്ലാ ലേബർ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും അപ്പീൽ പരിഗണിച്ച് 1, 2 എന്നീ ഇനങ്ങൾ സംബന്ധിച്ച് ലഭ്യമായ പൂർണ്ണ രേഖകൾ 3, 4 എന്നീ ഇനങ്ങൾ സംബന്ധിച്ച വിവരങ്ങളും രജിസ്റ്റേർഡ് തപാലായി ഹർജിക്കാരന് അയച്ചു കൊടുക്കുവാൻ നിർദ്ദേശിച്ച പ്രകാരം 26.4.2018 ൽ ആയത് രജിസ്റ്റേർഡ് തപാലായി അയച്ചു കൊടുത്തിട്ടുള്ളതാണെന്നുമാണ്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk